Break the Chain

കേരളസർവകലാശാല

നം.പി.ആർ.219/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

## കേരളസർവകലാശാല യു.ജി.പ്രവേശനം 2020
## സ്പോർട്സ് ക്വാട്ട പ്രവേശനം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി.

വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് വെരിഫിക്കേഷൻ സ്റ്റാറ്റസ് നോക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പരാതിയുള്ളവർ നവംബർ 12 നകം രേഖാമൂലം ഇ-മെയിൽ മുഖേനയോ (onlineadmissions@keralauniversity.ac.in.) നേരിട്ടോ പരാതി നൽകണം.

ഈ പരാതികൾ പരിഗണിച്ച ശേഷം റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതായിരിക്കും.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പ്രാക്ടിക്കൽ പരീക്ഷ മാറ്റി

ഗവൺമെന്റ് കോളേജ്, മലയിൻകീഴ്, പൽപ്പു കോളേജ്, പുതുശ്ശേരി, എസ്.എൻ.ജി.എം. കോളേജ്, തുറവൂർ എന്നിവിടങ്ങളിൽ നവംബർ 11 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ (2014 & 2018 സ്കീം) ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## പിഎച്.ഡി. കോഴ്സ് വർക്ക് – ഹാൾടിക്കറ്റ്

2020 നവംബർ 16, 17, 18 തീയതികളിൽ നടത്തുന്ന പിഎച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ (ജൂലൈ 2020 സെഷൻ) ഹാൾടിക്കറ്റ് ലഭിക്കാത്തവർ സി.എസ്.എസ്. ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## സൂക്ഷ്മപരിശോധന

ഒന്ന്, രണ്ട് സെമസ്റ്റർ ബി.ആർക്ക് ഒക്ടോബർ 2019 (2013 സ്കീം), മൂന്നാം സെമസ്റ്റർ ബി.ആർക്ക്. ഒക്ടോബർ 2019 (2013 സ്കീം), നാലാം സെമസ്റ്റർ ബി.ആർക്ക്. ഡിസംബർ 2019 (2013 സ്കീം), അഞ്ചാം സെമസ്റ്റർ ബി.ആർക്ക്. ഡിസംബർ 2019 (2013 സ്കീം) എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് ഇനിയും ഹാജരാകാത്ത വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടിക്കറ്റുമായി EJ X സെക്ഷനിൽ നവംബർ 11, 12 തീയതികളിൽ ഹാജരാകേണ്ടതാണ്.

## ടൈംടേബിൾ

2020 നവംബർ 17 മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം (എഫ്.ഡി.പി.) – (റെഗുലർ 2018 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2017 അഡ്മിഷൻ, സപ്ലിമെന്ററി – 2014, 2015 & 2016 അഡ്മിഷൻ) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 നവംബറിൽ ആരംഭിക്കുന്ന എം.സി.എ. രണ്ടാം സെമസ്റ്റർ, നാലാം സെമസ്റ്റർ റെഗുലർ ആന്റ് സപ്ലിമെന്ററി (2015 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഓൺ അഗ്രോഇക്കോളജി ആന്റ് ആക്ഷൻ റിസർച്ച് - അപേക്ഷ ക്ഷണിക്കുന്നു

യൂറോപ്യൻ യൂണിയനുമായി സഹകരിച്ച് കേരളസർവകലാശാലയിലെ സെന്റർ ഫോർ അഗ്രോഇക്കോളജി ആന്റ് പബ്ലിക് ഹെൽത്ത് നടത്തുന്ന 'പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഓൺ അഗ്രോഇക്കോളജി ആന്റ് ആക്ഷൻ റിസർച്ച്' – ലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ:8281989169, 9495513584

## പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ഗ്രൂപ്പ് 2 (a) ഒന്നാം സെമസ്റ്റർ ബി.എ. ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133), ബി.എസ്.സി. കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241), ബി.എസ്.സി. എൻവയോൺമെന്റൽ സയൻസ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (216), കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (ബി.എസ്.ഡബ്ല്യൂ.) എന്നീ പ്രോഗ്രാമുകളുടെ (2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്, 2017, 2016, 2015, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.കോം. കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ് (337), ബി.കോം. കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് (339) (2019 അഡ്മിഷൻ – റെഗുലർ, 2018 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2017, 2016, 2015 & 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്.സി. ബയോടെക്നോളജി (മൾട്ടിമേജർ), ബി.വോക്. സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ്, ബി.വോക്. ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**09.11.2020**

**e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**